**കേരള സർക്കാർ**
**ധനകാര്യ (റൂൾസ്-ബി ) വകുപ്പ്**

**<u>പരിപത്രം</u>**

**നമ്പർ.50/2024/ധന** **തിരുവനന്തപുരം, തീയതി, 23.08.2024**

വിഷയം :- ധനകാര്യ വകുപ്പ് - കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാർക്ക് ആർജ്ജിത അവധിയുടെ ടെർമിനൽ സറണ്ടർ അനുവദിയ്ക്കുന്നത് സംബന്ധിച്ച് - സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന :- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 02/12/2023 ലെ NREGA/192/2023-D1 നം.കത്ത്.

കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാർ കരാർ കാലാവധി പൂർത്തിയാക്കാതെ രാജി വയ്ക്കുകയോ, നിയമനാധികാരി അവരെ പുറത്താക്കുകയോ ചെയ്യുന്ന അവസരത്തിൽ ആർജ്ജിത അവധിയുടെ ടെർമിനൽ സറണ്ടർ ആനുകൂല്യം അനുവദനീയമാണോ എന്ന് സൂചന പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാർ തങ്ങളുടെ കരാർ കാലാവധി പൂർത്തിയാക്കാതെ രാജി വയ്ക്കുകയോ, കരാർ കാലാവധി അവസാനിക്കുന്നതിന് മുൻപ് അവരെ നിയമനാധികാരി പുറത്താക്കുകയോ ചെയ്യുന്ന അവസരത്തിൽ കരാർ പ്രകാരം അർഹമായ ആർജ്ജിത അവധിയുടെ ടെർമിനൽ സറണ്ടർ അനുവദനീയമല്ല എന്ന് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

**ലക്ഷ്മി രഘുനാഥൻ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II ), കേരള, തിരുവനന്തപുരം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ.
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.

എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർ.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
കേരളത്തിലെ എല്ലാ സർവകലാശാല രജിസ്ട്രാർമാർ.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E: 2646061 , DEV-1/216/2023-FIN )

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ